സർക്കുലർ നമ്പർ SKJMCC/ C13 /2018-19

SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL
Samasthalayam, Chelari, P.O. Thenhipalam, Malappuram-673 636.
Tel: 2400530, 2400749, Fax: 2400530 (0494)
website: www.skjmcc.com, Email: skjmccchelari@gmail.com

സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ 60–ാം വാർഷികം. 2019 ഡിസംബർ 27, 28, 29 (വെള്ളി, ശനി, ഞായർ) എറണാകുളം

***റെയ്ഞ്ച്, ജില്ല ജംഇയ്യത്തുൽ മുഅല്ലിമീൻ ഭാരവാഹികളെ അറിയിക്കുന്നത്***

മാന്യരെ, السلام عليكم

"വിശ്വാശാന്തിക്ക് മതവിദ്യ" എന്ന പ്രമേയവുമായി ഒരു വർഷം നീണ്ടുനിൽക്കുന്ന സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ അറുപതാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട കർമപദ്ധതി കലണ്ടറും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ചുള്ള വിശദ വിവരങ്ങൾ അടങ്ങിയ സർക്കുലറും 2018 ഡിസംബർ മാസത്തിൽ അയച്ചിരുന്നു. അതനുസരിച്ച് നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും റെയ്ഞ്ച്, ജില്ലാ സ്വാഗതസംഘം ഭാരവാഹികളുടെ വിവരങ്ങളും ഓരോ പരിപാടിക്ക് ശേഷവും ഓഫീസിലേക്ക് അയക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**മാർച്ചിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ**

**1. കിഫായ: കർമസേവകരെ തയ്യാറാക്കൽ: മാർച്ച് 1 – 31**

ഓരോ ജില്ലാ പരിധിയിലുമാണ് കിഫായ പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടത്. സമസ്തയോടും അതിന്റെ കീഴ്ഘടകങ്ങളോടും തികഞ്ഞ കൂറും ആഭിമുഖ്യവുമുള്ള ജില്ലാപരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ, വക്കീലുമാർ, സാമൂഹ്യ സേവകർ, സന്നദ്ധ പ്രവർത്തകർ എന്നിങ്ങനെയുള്ള അറുപത് പേരടങ്ങുന്ന ഒരു സേവക കൂട്ടായ്മയാണ് കിഫായ. പ്രസ്ഥാനത്തിനു കീഴിൽ സംഘടിപ്പിക്കപ്പെടുന്ന പരിപാടികൾ, സാമൂഹിക സന്നദ്ധ സേവനങ്ങൾ, മദ്റസാ-മഹല്ല് കമ്മിറ്റികൾ, റെയ്ഞ്ച് ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ തുടങ്ങിയ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ, കേന്ദ്ര, കേരള സർക്കാർ, അർദ്ധ സർക്കാർ സർവീസുകൾ തുടങ്ങിയ മേഖലകളിൽ നിന്നു ലഭിക്കേണ്ട സഹായങ്ങൾ എന്നിവക്ക് ആവശ്യമായ ഉപദേശ നിർദേശങ്ങൾ ലഭ്യമാക്കുക എന്നിവയാണ് കിഫായ കൊണ്ട് ലക്ഷ്യമാക്കുന്നത്.

അതിനാൽ നിങ്ങളുടെ ജില്ലയിലെ മുഴുവൻ മേഖലകളും ഉൾകൊള്ളുന്ന വിധം മേൽസൂചിപ്പിച്ച വിധമുള്ള ആളുകളെ കണ്ടെത്തി അറുപത് പേരടങ്ങുന്ന കിഫായ-സേവന പ്രസ്ഥാനത്തിനു രൂപം നൽകേണ്ടതാണ്. സമിതിക്ക് ഒരു ചെയർമാൻ, കൺവീനർ, സെക്രട്ടറി എന്നിവരും ആവശ്യാനുസൃതം സഹ അംഗങ്ങളെയും തെരഞ്ഞെടുത്ത് പേര്, സ്ഥാനം, സ്ഥലം, ഫോൺനമ്പർ എന്നിവ പ്രത്യേകം രേഖപ്പെടുത്തി വെക്കേണ്ടതും റിപ്പോർട്ടിനോടൊപ്പം ഒരു കോപ്പി ഓഫീസിലേക്ക് അയക്കേണ്ടതുമാണ്.

**2. റെയ്ഞ്ച് ലീഡേഴ്സ് മീറ്റ്: മാർച്ച് 1 – 31**

സമസ്ത നേതാക്കൾ, റെയ്ഞ്ചിലെ മുഴുവൻ മുഅല്ലിംകൾ, മദ്റസാ, മഹല്ല് ഭാരവാഹികൾ, SYS, SMF,SKMMA SKSSF, SKSBV എന്നിവയുടെ മുഴുവൻ ഭാരവാഹികൾ, പ്രവർത്തകർ, മറ്റു അനുഭാവികൾ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് റെയ്ഞ്ച്തല സ്വാഗതസംഘം രൂപീകരിക്കേണ്ടതാണ്. പരിപാടിയിൽ ജില്ലാ പ്രതിനിധി നിർബന്ധമായും സംബന്ധിക്കേണ്ടതും പദ്ധതി വിശദീകരണം നടത്തേണ്ടതുമാണ്.

ജില്ലാ കമ്മിറ്റിയുമായി മുൻകൂട്ടി ബന്ധപ്പെട്ട് ആവശ്യമായ നിർദേശോപദേശം തേടേണ്ടതാണ്. റെയ്ഞ്ച് സ്വാഗതസംഘം രൂപീകരിക്കുന്നതിനോടൊപ്പം തന്നെ ഓരോ മദ്റസാ തല സമ്മേളനങ്ങളുടെയും തിയ്യതിയും സ്ഥലവും തീരുമാനിക്കേണ്ടതും റിപ്പോർട്ട് മാധ്യമങ്ങൾക്ക് നൽകുകയും ഭാരവാഹികളുടെ ലിസ്റ്റ് നിശ്ചിത ഫോറങ്ങളിൽ പൂരിപ്പിച്ചു ഓഫീസിലേക്ക് അയക്കേണ്ടതുമാണ്.

എന്ന്

സമസ്താലയം
01-02-2019

ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി (ഒപ്പ്)
(സ്വാഗതസംഘം ജനറൽ കൺവീനർ)